**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 334** — **18-07-2022 - ൽ മറുപടിയ്ക്ക്**

**കരിമണൽ ഖനനം സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ശ്രീ എം നൗഷാദ് ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കെ.എം.എം.എൽ.-ന് ഒരു പൊതുമേഖല സ്ഥാപനത്തിന് കൈവരിക്കാനായ ഏറ്റവും ഉയർന്ന ലാഭം നേടാനായിട്ടുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിറ്റുവരവും ലാഭവും എത്രയെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) 1058 കോടി രൂപയുടെ വിറ്റുവരവും 310കോടി രൂപയുടെ ലാഭവും കൈവരിച്ചിട്ടുണ്ട്. |
| (ബി) | 1957-ലെ മൈൻസ് ആന്റ് മിനറൽസ് നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കരിമണൽ ഖനനം സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കരിമണൽ ഖനനത്തിന്റെ സ്വകാര്യവൽക്കരണത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; ധാതുക്കളുടെ ഖനനാനുമതി നൽകാനുള്ള സംസ്ഥാനത്തിന്റെ അധികാരം കവർന്നുകൊണ്ട് കേന്ദ്ര സർക്കാർ നിയമ നിർമ്മാണം നടത്തുന്നത് സ്വീകാര്യമല്ലെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ? | (ഡി) | കരിമണൽ ഖനനത്തി സ്വകാര്യവൽക്കരണം പാടില്ല എന്നതാണ സംസ്ഥാന സർക്കാരിന്റെ നിലപാട്. 1957 ലെ മൈൻസ് & മിനറൽസ് (ഡെവലപ്പ്മെന് & റെഗുലേഷൻ) ആക്ടിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ ഭരണഘടനാപരവും രാജ്യസുരക്ഷാപരവും, പാരിസ്ഥിതികവും സാമൂഹ്യ സാമ്പത്തിക പരവുമായ സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന ദോഷകരമാണെന്ന് വിലയിരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ തീരുമാനത്തിലുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ഇക്കാര്യം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഗൗരവമേറിയ വിഷയം ബഹു.മുഖ്യമന്ത്രിയുടെ |

| | | | | |
|---|---|---|---|---|
| | | | | അധ്യക്ഷതയിൽ കൂടിയ യോഗം ചർച്ച ചെയ്യുകയും മേൽ ഭേദഗതി നിർദ്ദേശങ്ങളിൽ ഭരണഘടനാ ലംഘനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രതിരോധിക്കുന്നതിന ആവശ്യമായ തുടർ നിയമ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ